ഖുത്വ്ബ
26.8.2005
മാൻഹെയിം, ജർമ്മനി

بسم الله الرحمن الرحيم
نحمده ونصلى علي رسوله الكريم. وعلى عبده المسيح الموعود

# അല്ലാഹുവിന്റെ കയർ മുറുകെപിടിക്കുക

وَاعْتَصِمُوا بِحَبْلِ اللَّهِ جَمِيعًا وَلَا تَفَرَّقُوا ۚ وَاذْكُرُوا نِعْمَتَ اللَّهِ عَلَيْكُمْ إِذْ كُنتُمْ أَعْدَاءً فَأَلَّفَ بَيْنَ قُلُوبِكُمْ فَأَصْبَحْتُم بِنِعْمَتِهِ إِخْوَانًا وَكُنتُمْ عَلَىٰ شَفَا حُفْرَةٍ مِّنَ النَّارِ فَأَنقَذَكُم مِّنْهَا ۗ كَذَٰلِكَ يُبَيِّنُ اللَّهُ لَكُمْ آيَاتِهِ لَعَلَّكُمْ تَهْتَدُونَ

**നി**ങ്ങളെല്ലാവരും ഒത്തുചേർന്ന് അല്ലാഹുവിന്റെ കയറിനെ മുറുകെപിടിക്കുക. നിങ്ങൾ ഭിന്നിക്കരുത്. നിങ്ങൾ പരസ്പരം ശത്രുക്കളായിരുന്നപ്പോൾ അല്ലാഹു നിങ്ങൾക്ക് ചെയ്തുതന്ന അനുഗ്രഹം സ്മരിക്കുക. അങ്ങനെ അവൻ നിങ്ങളുടെ ഹൃദയങ്ങളെ പരസ്പരം ബന്ധിപ്പിച്ചു. അതിന്റെ ഫലമായി അവന്റെ അനുഗ്രഹത്താൽ നിങ്ങൾ സഹോദരങ്ങളായിത്തീർന്നു. നിങ്ങൾ അഗ്നികുണ്ഡത്തിന്റെ വക്കിലായിരുന്നു. അവൻ അതിൽ നിന്ന് നിങ്ങളെ രക്ഷിച്ചു. ഇപ്രകാരം അല്ലാഹു നിങ്ങൾക്കുവേണ്ടി തന്റെ വചനങ്ങൾ തുറന്നു വിവരിച്ചുതരുന്നു; നിങ്ങൾ നേർമാർഗ്ഗം പ്രാപിക്കുന്നതിനു വേണ്ടി. (*3:104*)

വിശുദ്ധഖുർആനിൽ നിരവധി കല്പനകൾ നല്കിക്കൊണ്ട് അതനുസരിച്ച് പ്രവർത്തിക്കാൻ അല്ലാഹു നമ്മോടു നിർദ്ദേശിച്ചിരിക്കുന്നു. ഞാനോതിയ ഖുർആനിക വചനത്തിന്റെ തർജമയും ഞാൻ കേൾപ്പിക്കുകയുണ്ടായി. ഇതിൽ സത്യവിശ്വാസികൾ ഒറ്റക്കെട്ടായി നിലകൊള്ളണമെന്നും അല്ലാഹുവിൽനിന്നുള്ള കയറിനെ എല്ലാവരും ചേർന്ന് മുറുകെപിടിക്കണമെന്നും പറഞ്ഞിരിക്കുന്നു. ഈ അല്ലാഹുവിന്റെ കയർ നിങ്ങൾക്ക് ഒരനുഗ്രഹമാണെന്നും പറഞ്ഞിരിക്കുന്നു. അല്ലാഹുവിന്റെ ഈ കയറിനെ മുറുകെപിടിച്ചതുകൊണ്ട് നിങ്ങളിൽ അല്ലാഹുവിന്റെ അനുഗ്രഹം ഇറങ്ങുകയും അവന്റെ അനുഗ്രഹങ്ങളിൽ നിങ്ങൾ ഭാഗഭാക്കാകുകയും നിങ്ങളുടെ സാമൂഹികമായ ബന്ധങ്ങൾ മനോഹരമാവുകയും നിങ്ങളുടെ പരസ്പരമുള്ള കുടുംബബന്ധങ്ങൾ ശക്തിപ്പെടുകയും ചെയ്തു.

നബി(സ) തിരുമേനിയുടെ ആഗമനത്തിനു മുമ്പേയുള്ള ചരിത്രസംഭവങ്ങൾ നാം ചരിത്രത്തിൽ വായിക്കാറുണ്ട്. അവിടത്തെ ആഗമനത്തിനുശേഷമുള്ള അവസ്ഥകളും നമ്മുടെ മുമ്പിലുണ്ട്. സ്നേഹം എങ്ങനെ വർദ്ധിച്ചുവെന്നും സാഹോദര്യബന്ധം എങ്ങനെ സ്ഥാപിതമായെന്നും എങ്ങനെയാണ് അവർ പരസ്പരം സഹോദരന്മാരായിത്തീർന്നതെന്നും നാം കണ്ടു. മദീനയിലെ അൻസാർ മക്കയിലെ മുഹാജിറുകളെ എങ്ങനെയാണ് ഉറ്റസഹോദരന്മാരായി സ്വീകരിച്ചത്. തങ്ങളുടെ സ്വത്തുക്കളിൽ പകുതി ആ മുഹാജിറുകൾക്ക് കൊടുക്കാൻ അവർ തയ്യാറായി. എന്നല്ല, ഒന്നിലധികം ഭാര്യമാരുള്ളവർ ഭാര്യയ്ക്ക് ത്വലാഖ് കൊടുക്കാമെന്നും നിങ്ങൾ അവളെ വിവാഹം ചെയ്തുകൊള്ളുക എന്നുംവരെ പറഞ്ഞു. ഈ രീതിയിൽ സാഹോദര്യത്തിന്റേയും സ്നേഹത്തിന്റേയും അന്തരീക്ഷം നിലവിൽവന്നിരുന്നു. ഇത് ശാന്തിയും സമാധാനവും നിലനിന്ന കാലഘട്ടത്തിൽ മാത്രമായിരുന്നില്ല. ഐശ്വര്യമുണ്ട് സ്വത്തുണ്ട്, അതുകൊണ്ട് കുറച്ചു കൊടുത്തു എന്നതുമല്ല. യുദ്ധാവസരത്തിലും അവർ ബുദ്ധിമുട്ടുമ്പോഴും ത്യാഗത്തിന്റെ ഉന്നതമായ ഈ നില അവരിൽ കാണാമായിരുന്നു. ഇതിനുള്ള ഒറ്റക്കാരണം, ഇക്കൂട്ടർ അല്ലാഹുവിന്റെ കയർ എന്താണെന്ന് തിരിച്ചറിഞ്ഞിരുന്നു എന്നതാണ്; അവരതിനെ മുറുകെപിടിച്ചു.

യുദ്ധമൈതാനിയിലെ ആ ദാരുണമായ സംഭവം ഒന്നു സ്മരിക്കുക. യുദ്ധം അവസാനിച്ചു. മുറിവേറ്റു കിടക്കുന്ന ആളുകൾക്ക് വെള്ളം ന്ലകാൻ ചിലർ ചുറ്റിക്കറങ്ങുകയാണ്. ഒരു ഞരക്കം കേട്ടു. വെള്ളം കുടിപ്പിക്കുന്നയാൾ ആ സ്വഹാബിയുടെയടുക്കൽ ഓടിയെത്തി. ഗുരുതരമായി പരിക്കേറ്റുകിടക്കുകയായിരുന്നു അദ്ദേഹം. വെള്ളം കുടിപ്പിക്കുന്നയാൾ അദ്ദേഹത്തിന്റെ വായോടു വെള്ളത്തിന്റെ പാത്രം മുട്ടിച്ചപ്പോൾ, മറ്റൊരു ഞരക്കം കേട്ടു. അദ്ദേഹം വെള്ളം ചോദിക്കുകയായിരുന്നു. എനിക്കു വെള്ളം വേണ്ട, ഞാനയാളേക്കാൾ നല്ല നിലയിലാണ് അതുകൊണ്ട് ആ ചോദിക്കുന്ന സഹോദരന് വെള്ളം കൊടുക്കുക എന്ന് മുറിവേറ്റു കഠിനമായ വേദനയനുഭവിച്ചുകൊണ്ടിരിക്കുന്ന ആൾ പറഞ്ഞു. വെള്ളം കുടിപ്പിക്കുന്നയാൾ അങ്ങോട്ടേക്കോടി. അപ്പോൾ മൂന്നാമതൊരാളുടെ ഞരക്കം കേട്ടു. രണ്ടാമത്തെയാൾ പറഞ്ഞു എന്നെക്കാൾ വിഷമം അനുഭവിക്കുന്ന ആ സഹോദരന് വെള്ളം എത്തിക്കുക. എനിക്കിപ്പോൾ വെള്ളം വേണ്ട. അങ്ങനെ വെള്ളം കുടിപ്പിക്കുന്നയാൾ മൂന്നാമത്തെ സ്വഹാബിയുടെയടു

ക്കൽ ഓടിയെത്തി. പക്ഷേ, വെള്ളം അദ്ദേഹത്തിന്റെ ചുണ്ടോടു അടുപ്പിക്കുന്നതിനുമുമ്പേ അദ്ദേഹം ദൈവ സന്നിധിയിൽ ഹാജരായിക്കഴിഞ്ഞിരുന്നു. വെള്ളം കുടിപ്പിക്കുന്നയാൾ രണ്ടാമത്തെ സഹോദരന്റെയടുക്കൽ പാഞ്ഞെത്തി. അപ്പോൾ അദ്ദേഹത്തിന്റെ ആത്മാവും അല്ലാഹുവിന്റെ സവിധത്തിലേക്ക് പറന്നുപൊയ്ക്കഴിഞ്ഞിരുന്നു. അങ്ങനെ അയാൾ ഓടി ആദ്യത്തെ സ്വഹാബിയുടെയടുക്കലെത്തിയപ്പോൾ അദ്ദേഹവും മരണപ്പെട്ടുകഴിഞ്ഞിരുന്നു.

നോക്കുക, ജീവിതവും മരണവും തമ്മിൽ പോരാടുന്ന ആ അവസാനനിമിഷത്തിലും തന്റെ സഹോദരനുവേണ്ടി ത്യാഗത്തിന്റെ ഉന്നതമായ മാതൃക കാഴ്ച വെച്ചുകൊണ്ട് മുറിവേറ്റ ആ എല്ലാ സ്വഹാബിവര്യന്മാരും തങ്ങളുടെ രക്ഷിതാവിന്റെ സന്നിധിയിൽ ഹാജരായി.

ആദ്യം വെള്ളം ചോദിച്ച സ്വഹാബി ഹസ്റത്ത് ഇക്രിമയായിരുന്നുവെന്ന് നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് ഇക്രിമ(റ) ഒരുകാലത്ത് മുസ്ലിംകളുടെ രക്തത്തിനുവേണ്ടി ദാഹിച്ചിരുന്നയാളാണ്. ത്യാഗത്തിന്റെ ഒരു ഭാവനയും അന്ന് അദ്ദേഹത്തിനുണ്ടായിരുന്നില്ല. എന്നാൽ മുസ്ലിം സഹോദരനുവേണ്ടി സ്വന്തം ജീവൻ ബലിയർപ്പിക്കുന്ന ഒരു സമയം പിന്നീടുവന്നു. ഇപ്രകാരം തന്നെയായിരുന്നു മറ്റു രണ്ട് സ്വഹാബിമാരും.

അന്യരുടെ ജീവൻ എടുക്കാൻ നടന്നിരുന്നവർ, അന്യർക്കുവേണ്ടി ജീവൻ കൊടുക്കാൻ തയ്യാറായത് നബി(സ)യുമായി ബന്ധപ്പെട്ടതിനുശേഷമായിരുന്നു. അവർ ഈ നില കരസ്ഥമാക്കിയത് നബി(സ)യെ വിശ്വസിച്ചതിനുശേഷമാണ്. അങ്ങനെ അവർ അല്ലാഹുവിന്റെ തൃപ്തിയുടെ സ്വർഗ്ഗത്തിൽ പ്രവേശിച്ചു.

ആത്മീയവും ധാർമ്മികവുമായ ശാന്തി അവരിലുണ്ടാക്കിത്തീർത്ത അല്ലാഹുവിന്റെ ആ കയർ എന്തായിരുന്നു, എന്താണെന്ന് നമുക്കെല്ലാം അറിയാം. അവരിൽ ത്യാഗമനോഭാവവും അതിന്റെ ഉന്നതമായനിലയും ഉണ്ടാക്കിയ ആ കയർ അല്ലാഹുവിന്റെ അവസാന ന്യായപ്രമാണമായ വിശുദ്ധഖുർആനായിരുന്നു. അത് കല്പനകളും ഉപദേശങ്ങളുംകൊണ്ട് നിറഞ്ഞുകിടക്കുന്നു. അതിന്റെ കല്പനകളനുസരിച്ച് സത്യഹൃദയത്തോടെ പ്രവർത്തിക്കുന്നവൻ, അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നവനായിത്തീരുന്നു. നബി(സ) തിരുമേനിയായിരുന്നു അല്ലാഹുവിന്റെ ആ കയർ. അവിടത്തെ ഓരോ കല്പനയുമനുസരിച്ച് ത്യാഗം ചെയ്യാൻ സ്വഹാബിവര്യന്മാർ കാത്തിരുന്നു. അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകളുടെ വൃത്തത്തിൽനിന്ന് വെളിയിൽ പോകുകയില്ലെന്ന് ആ സ്വഹാബിമാർ തീരുമാനിച്ചിരുന്നു. നബി(സ) തിരുമേനിക്കുശേഷം, ഖുലഫാഉർറാശിദീൻ എന്നു പറയുന്ന നാല് ഖലീഫമാർ മുഖേന മുസ്ലിംകൾ ഈ കയറിനെ മുറുകെപിടിച്ചു. അല്ലാഹുവിന്റെ കയറും, അവനിലേക്ക് കൊണ്ടുപോകുന്ന കയറുമായിരുന്നു അത്. മുസ്ലിംകൾ ഈ കയറിനെ മുറുകെപിടിച്ചിരുന്ന കാലത്തോളം, അവർ ശരിയായപാതയിലൂടെ സഞ്ചരിച്ചുകൊണ്ടിരുന്നു. കലാപകാരികൾ അതിന് വിള്ളലുകൾ ഉണ്ടാക്കിയപ്പോൾ, കലാപകാരികളുടെ വാക്കുകൾക്കു വഴങ്ങി ഈ കയർ മുറിക്കാൻ ശ്രമിച്ചപ്പോൾ അവരുടെ ശക്തിയും ക്ഷയിച്ചുതുടങ്ങി. മുസ്ലിംകൾക്ക് പിന്നീട് അവിടവിടെ വിജയങ്ങൾ കിട്ടിക്കൊണ്ടിരുന്നു എന്നതു ശരിതന്നെ. പക്ഷേ, സംഘടിതശക്തിയും അന്യരിൽ അവർക്കുണ്ടായിരുന്ന ആദരയുക്തമായ ഭയവും ഇല്ലാതായി. ആ ശക്തി പൊടിപൊടിയായിത്തീർന്നു. പരസ്പരം യുദ്ധങ്ങൾ ഉണ്ടായി. ഒരു മുസ്ലിം മറ്റൊരു മുസ്ലിമിന്റെ കൈയാൽ വധിക്കപ്പെട്ടു. ഇതിനെല്ലാം കാരണം അവർ അല്ലാഹുവിന്റെ ഈ അനുഗ്രഹത്തെ നിഷേധിച്ചതാണ്.

ഇവിടെ യൂറോപ്പിലും നിങ്ങൾ നോക്കുക. മുസ്ലിംകൾ ഇവിടെ വന്നു. സ്പെയിൻ കീഴടക്കി. അതിനുശേഷം കുറച്ചു നൂറ്റാണ്ടുകൾ കഴിഞ്ഞപ്പോൾ അതുപേക്ഷിച്ചുപോകേണ്ടിവന്നു. ഇന്നും, മുസ്ലിംകളുടെ ഈ അധഃപതനാവസ്ഥ തന്നെയാണ് ലോകത്ത് നിലനില്ക്കുന്നത്. ഇന്ന് എണ്ണ സമ്പത്തുകൊണ്ട് സമ്പന്നരായിട്ടും ചില മുസ്ലിംരാഷ്ട്രങ്ങൾ അന്യർക്ക് വിധേയരാണ്. അതിനുകാരണം, അല്ലാഹുവിന്റെ കയറിനെ അവർ വില വെച്ചില്ല എന്നതാണ്. അല്ലാഹുവിനോടും അവന്റെ റസൂലിനോടുമുള്ള സ്നേഹം അതിജയിക്കേണ്ടതിനുപകരം അവരുടെ വ്യക്തിതാൽപര്യമാണ് എങ്ങും അതിജയിച്ചു നില്ക്കുന്നത്. വ്യക്തിതാൽപര്യം സഹോദരനും സഹോദരനും തമ്മിലുള്ള തിരിച്ചറിവ് മായ്ച്ചുകളഞ്ഞു. ഇതിന്റെ ഫലമായി എല്ലാ ശക്തിയും കളഞ്ഞുപോയി. പക്ഷേ, നബി(സ) തിരുമേനിയെ അവസാന ന്യായപ്രമാണവാഹിയായി അയച്ച അല്ലാഹു ഇതിനെ കൈവിട്ടുകളയുന്ന പ്രശ്നമില്ലായിരുന്നു. അവന്റെ വാഗ്ദാനമനുസരിച്ച് ഈ ന്യായപ്രമാണം അവസാനകാലംവരെ നിലനില്ക്കുകയും നാലുപാടും വ്യാപിക്കുകയും ചെയ്യണമായിരുന്നു. മുസ്ലിംകളുടെ കൈയിലിരുപ്പുകൊണ്ട് അല്ലാഹു തന്റെ വാഗ്ദാനത്തിന് വിരുദ്ധം പ്രവർത്തിച്ച് ഈ ദീനിനെ തുടച്ചുനീക്കുകയില്ല. എന്നാൽ, മുസ്ലിംകളുടെ ഭിന്നിപ്പും നന്ദികേടുംകൊണ്ട് അവർ അനുഭവിക്കേണ്ടത് അനുഭവിക്കുകതന്നെ വേണം. അതു നാം കാണുന്നു. പക്ഷേ, അല്ലാഹു നബി(സ) തിരുമേനിയോട് നിന്റെ ഉമ്മത്തിലെ അവസാനംവരുന്ന ആളുകളിൽനിന്ന് നീ കൊണ്ടുവരുന്ന ന്യായപ്രമാണത്തെ പുനഃസ്ഥാപിക്കാൻ ഞാൻ മസീഹിനേയും മഹ്ദിയേയും എഴുന്നേല്പിക്കുന്നതാണ് എന്ന് വാഗ്ദാനം ചെയ്തിരുന്നു; വീണ്ടും ആ കല്പനകളെല്ലാം നടപ്പിൽവരുത്തുന്നതിനും, അല്ലാഹുവിന്റെ കയറിനെ വിലമതിക്കാനുള്ള ബോധം ഉണ്ടാക്കുന്നതിനും, ഈ മസീഹിനേയും മഹ്ദിയേയും വിശ്വസിക്കുന്നവർ അവന്റെ കയറിനെ മുറുകെപിടിക്കുന്നതിനും വേണ്ടി.

ഈ വചനത്തിന്റെ അവസാനം നിങ്ങൾക്ക്

സന്മാർഗ്ഗം കിട്ടുന്നതിനുവേണ്ടി അല്ലാഹു തന്റെ ദൃഷ്ടാന്തങ്ങൾ ഇങ്ങനെ തുറന്നു വിവരിക്കുന്നുവെന്ന് പറഞ്ഞിരിക്കുന്നു. ഇത് മുസ്‌ലിംകൾക്ക് വീണ്ടും ഒരു മുന്നറിയിപ്പാണ്, കല്പനയാണ്. അതായത് അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുക, പ്രവചനങ്ങൾ പൂർത്തിയായാൽ പിടിവാശി കാണിക്കരുത്. മസീഹ് മഹ്ദിയെ വിശ്വസിക്കുക. നിങ്ങൾക്കു വന്നുഭവിച്ചിരിക്കുന്ന നാശങ്ങളിൽനിന്ന് പാഠം ഉൾക്കൊള്ളുക. നിങ്ങളുടെ ചരിത്രത്തിൽനിന്ന് പാഠം പഠിക്കുക. ഈ കയറിനെ മുറുകെപിടിക്കുന്നതിലാണ് നിങ്ങളുടെ അമരത്തം നിലകൊള്ളുന്നത്. ഇതിൽ അഹ്മദികളായ നമുക്കും ഉപദേശമുണ്ട്. എന്നല്ല, ഇതിന്റെ ആദ്യ സംബോധിതർ ഇക്കാലത്ത് നാമാണ്. ഇന്നേക്ക് 14 നൂറ്റാണ്ടുകൾക്കു മുമ്പേ ഒരു വിപ്ലവം നടന്നിരുന്നു. ശത്രുക്കളെ പരസ്പരം സഹോദരങ്ങളാക്കിത്തീർത്ത വിപ്ലവം. ആ നിരക്ഷരകുക്ഷിയായ നബിയുടെ പരിശുദ്ധശക്തികൊണ്ട് ആ മഹാത്മാവിനെ അതിരറ്റ് സ്നേഹിക്കുന്ന ഒരു വ്യക്തി മുഖേന ഇക്കാലത്തും ഒരു വിപ്ലവം ഉണ്ടായിരിക്കുന്നു. ആ മഹാത്മാവ് വീണ്ടും നിങ്ങളെ സംഘടിപ്പിച്ചിരിക്കുന്നു. അതുകൊണ്ട് ചരിത്രത്തിന്റെ ഭാഗമായിത്തീർന്നിരിക്കുന്ന ആ പഴയ കാര്യങ്ങളിൽ ചിന്തിക്കുക. ഈ മസീഹ് മഹ്ദിയെ വിശ്വസിച്ചതിനുശേഷം നിങ്ങൾക്ക് നല്കപ്പെട്ടിരിക്കുന്ന പാഠങ്ങൾ അനുസരിച്ച് എപ്പോഴും പ്രവർത്തിക്കുക. പ്രവർത്തിക്കാത്തവൻ സ്വയം അഗ്നികുണ്ഡത്തിൽ, തന്നെ അകപ്പെടുത്തുന്നവനായിരിക്കും.

ഖിലാഫത്തെ റാശിദാ അധികകാലം നിലനില്ക്കുകയില്ലെന്ന് നബി(സ) തിരുമേനി പ്രവചനം ചെയ്തിരുന്നു. അതുപോലെതന്നെ സംഭവിച്ചു. എന്നാൽ, ഇക്കാലത്തെ സംബന്ധിച്ചു പറഞ്ഞു, എന്റെ സത്യസന്ധനായ ദാസൻ വന്നതിനുശേഷം സ്ഥാപിതമാകുന്ന ഖിലാഫത്ത് -അത് ***അലാ മിൻഹാജുനുബുവ്വത്താ***യിരിക്കുമെന്ന് നബി (സ) പ്രവചനം ചെയ്തിരുന്നു- ലോകാവസാനം വരെ നിലനില്ക്കുന്നതാണ്. ലോകാവസാനംവരെ ഖിലാഫത്തു നിലനില്ക്കുന്നതിനെ സംബന്ധിച്ച് ചിലർ സ്വന്തം വിവരണം നല്കാറുണ്ട്. നമ്മളിലുള്ള ചിലരും ചിലപ്പോൾ ഇതിനെക്കുറിച്ച് സംസാരിക്കാറുണ്ട്. ഖിയാമത്തുന്നാൾ വരെ ഇത് നിലനില്ക്കുമോ ഇല്ലേ എന്നു തുടങ്ങിയ കാര്യങ്ങൾ ചർച്ച ചെയ്യുന്നവരും, ഈ കയറിനെ മുറിക്കാനാണ് ശ്രമിക്കുന്നത്.

ഇതിനെന്തെങ്കിലും തെളിവ് അവരുടെ കൈയിലുണ്ടെങ്കിൽത്തന്നെ ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതിനുശേഷം മറ്റുള്ളതെല്ലാം അസാധുവായിപ്പോയി. അതുകൊണ്ട് ആ തെളിവുകൾ നിങ്ങളുടെ കൈയിൽത്തന്നെ വെച്ചുകൊള്ളുക. ജമാഅത്തിൽ കുഴപ്പമുണ്ടാക്കാൻ ശ്രമിക്കേണ്ട.

ഇപ്പോൾ അല്ലാഹുവിന്റെ കയർ വാഗ്ദത്ത മഹ്ദീ മസീഹ് ഹസ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) തന്നെയാണ്. അവിടത്തെ അദ്ധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുകയും ഖിലാഫത്തുമായി അള്ളിപിടിച്ചിരിക്കുകയുമാണ്. ഇത് നിങ്ങൾക്ക് ശക്തി പകർന്നുകൊണ്ടേയിരിക്കും. ഖിലാഫത്ത് നിങ്ങളിൽ ഐക്യം നിലനിറുത്തുകയും ഖിലാഫത്ത് നിങ്ങളുടെ ശക്തിയായിരിക്കുകയും ചെയ്യും. ഖിലാഫത്ത് നിങ്ങളെ, ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ഹസ്റത്ത് നബി(സ) തിരുമേനിയുടേയും മധ്യസ്ഥതയിലൂടെ അല്ലാഹുവുമായി ബന്ധിപ്പിക്കുന്നതായിരിക്കും. അതുകൊണ്ട് ഈ കയറിനെ മുറുകെപിടിക്കുക; ഇതിനെ മുറുകെപിടിക്കാത്തവർ നശിച്ചുപോകും. സ്വയം നശിക്കുമെന്നു മാത്രമല്ല, സ്വന്തം മക്കളേയും നശിപ്പിക്കുന്നതിനുള്ള സാഹചര്യമായിരിക്കും അവർ ഒരുക്കുന്നത്. അതുകൊണ്ട് ഇതിനു വിരുദ്ധമായ ആശയം വെച്ചുപുലർത്തുന്ന ഓരോരുത്തരും ചിന്തിക്കുക. എങ്ങനെയാണ് ഈ കയറിനെ മുറുകെപിടിക്കേണ്ടത്. വെറും ബയ്അത്തു ചെയ്ത് ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്നതുകൊണ്ടു മാത്രം ഇതാകുകയില്ല. പ്രത്യുത അവിടന്ന് നിശ്ചയിച്ചിട്ടുള്ള ബയ്അത്തിന്റെ നിബന്ധനകളനുസരിച്ച് പ്രവർത്തിക്കേണ്ടത് നിർബന്ധമാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) എത്ര വേദനയോടുകൂടിയാണ് അക്കാര്യങ്ങൾ നിർവഹിക്കാൻ നമ്മളോട് പറഞ്ഞിട്ടുള്ളത്. ഓരോ കാര്യങ്ങളും പ്രത്യേകം പ്രത്യേകമായെടുത്ത് എങ്ങനെയാണ് നമുക്ക് മനസ്സിലാക്കിത്തന്നിട്ടുള്ളത്. അതായത് എനിക്ക് ബയ്അത്ത് ചെയ്തതിനുശേഷം ഈ രീതിയിൽ നിങ്ങളിൽ നിങ്ങൾ മാറ്റമുണ്ടാക്കണമെന്ന്. ആരാധനാകർമ്മങ്ങളും, തൗഹീദും തുടങ്ങി ചെറുതിൽചെറുതായ നന്മപോലും സ്വീകരിക്കാനും, ദൈവഭക്തിയുടെ നേർത്ത വഴിയിലൂടെ നടക്കാനും സ്വന്തം സഹോദരങ്ങളോടുള്ള കടമ നിറവേറ്റാനും നമ്മളോടു പറഞ്ഞു; അല്ലാഹുവിന്റെ കയറിനെ മുറുകെ പിടിച്ചുകൊണ്ട് അവനോളം എത്തിച്ചേരുന്നതിനും അവന്റെ തൃപ്തി കരസ്ഥമാക്കുന്നവരായിത്തീരുന്നതിനുംവേണ്ടി. ഇക്കാര്യങ്ങൾ തന്നെയാണ് അവിടത്തെ കാലശേഷം കാലത്തിന്റെ ഖലീഫമാർ ഉപദേശിച്ചുവരുന്നതും.

മൂന്നുവർഷം പിന്നിടുമ്പോൾ ഖിലാഫത്തു സ്ഥാപിതമായിട്ട് നൂറുവർഷം തികയുന്നതാണ്. ഖിലാഫത്ത് ശതവാർഷിക ജൂബിലി ആഘോഷിക്കുന്നതിനായി അത്യുത്സാഹത്തോടെ തയ്യാറെടുപ്പുകൾ നടന്നുവരികയുമാണ്. ഇതിനുവേണ്ടി ദുആകളും ആരാധനാകർമ്മങ്ങളും അടങ്ങുന്ന ഒരു പദ്ധതി ഞാനും നിങ്ങളുടെ മുമ്പിൽ വെച്ചിട്ടുണ്ട്. വലിയൊരു വിഭാഗമാളുകൾ അതനുസരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. പക്ഷേ, ഇക്കാര്യങ്ങൾ അനുസരിച്ച് പ്രവർത്തിക്കുന്നതിനോടൊപ്പം, നമുക്ക് സമസൃഷ്ടികളോടുള്ള കടമകൾ നിറവേറ്റാൻ ശ്രദ്ധ ഉണ്ടാകുന്നില്ലെങ്കിൽ ഈ നോമ്പും നിഷ്ഫലമാണ്. ഈ നഫ്ലുകളും നിരർത്ഥകമാണ്. ഈ ദുആയും പാഴാണ്. ജമാഅത്തിലെ ഭാരവാഹികൾക്ക്, ജമാഅത്തിലെ ഇത്ര ശതമാനം ആളുകൾ നോമ്പുപിടിച്ചു,

നഫ്ലുകൾ നമസ്കരിച്ചു, ദുആ ചെയ്തുകൊണ്ടിരിക്കുന്നു അതനുസരിച്ച് പ്രവർത്തിക്കുന്നു എന്നൊക്കെ റിപ്പോർട്ടു കൊടുക്കാൻ കഴിയും. എന്നാൽ, പരസ്പരമുള്ള ബന്ധം ഊട്ടിഉറപ്പിക്കുന്നതിനെക്കുറിച്ചും പരസ്പരമുള്ള കടമകൾ നിറവേറ്റുന്നതിനെക്കുറിച്ചും പരസ്പരം ത്യാഗം വരിക്കുന്നതിനെക്കുറിച്ചും ഞാൻ ഉദാഹരണം പറഞ്ഞതുപോലെ ത്യാഗത്തിന്റെ ആ മാതൃക സ്ഥാപിക്കുന്നതിനെക്കുറിച്ചും ചോദിച്ചാൽ, അതിലേക്ക് ശ്രദ്ധയേയില്ലെന്ന് അറിയാൻ കഴിയും.

അഥവാ ശ്രദ്ധയുണ്ടെങ്കിൽത്തന്നെ, തങ്ങൾക്ക് ക്ഷതമൊന്നും ഏൽക്കാത്ത രീതിയിലേ ചെയ്തിട്ടുണ്ടാകയുള്ളൂ. ത്യാഗംവരിച്ചുകൊണ്ടുള്ള പ്രവർത്തനമൊന്നും ചെയ്തിട്ടുണ്ടാകുകയില്ല. പൈസയൊന്നും ചെലവാകാത്ത രീതിയിലുള്ള ത്യാഗമേ ചെയ്തിട്ടുണ്ടാകുകയുള്ളൂ.

ധനത്യാഗത്തെ സംബന്ധിച്ച് അല്പം ചിലത് പറയട്ടെ. ജർമ്മനി ഇന്നേക്ക് 10 വർഷം മുമ്പേ നൂറ് പള്ളി നിർമ്മിക്കുമെന്ന് വാഗ്ദാനം ചെയ്തിരുന്നു. ഇതിന്റെ പ്രവർത്തനം വളരെ മന്ദഗതിയിലാണ്. ഖിലാഫത്ത് ശതവാർഷികജൂബിലി ആഘോഷിക്കുന്നതിനായി, നിങ്ങൾ ഇക്കാര്യങ്ങൾക്ക് വേഗം കൂട്ടേണ്ടതാണ്. ഖുദ്ദാമും അൻസാറും ലജ്നയുമെല്ലാം ചേർന്നുകൊണ്ട് ഒരു പദ്ധതി ആസൂത്രണം ചെയ്യുക. നാലോ അഞ്ചോ പള്ളികൾ മാത്രം ഒരുവർഷം ഉണ്ടാക്കിയാൽപോരാ, 2008-നുള്ളിൽ ഇതിനേക്കാൾ കൂടുതൽ പള്ളികൾ നിർമ്മിക്കണമെന്ന് തീരുമാനിക്കണം. നിങ്ങൾ അല്ലാഹുവിനോട് സഹായം ചോദിച്ചുകൊണ്ട് ഈ പ്രവൃത്തിയിൽ മുഴുകുകയാണെങ്കിൽ ഇൻശാഅല്ലാഹ് അവൻ സഹായിക്കുന്നതാണ്. നിങ്ങളുടെ പള്ളി നിർമ്മാണവും ഇൻശാഅല്ലാഹ് വേഗത്തിലാകും. ഇടയ്ക്കുള്ള തടസ്സങ്ങളെല്ലാം അകലുകയും ചെയ്യും. എന്തായാലും ഇതിനായി ദുആയിൽ ശക്തിചെലുത്തുകയും ഉറച്ച തീരുമാനം എടുക്കുകയും ചെയ്യേണ്ടതുണ്ട്.

ബന്ധുക്കളുടെ അവകാശങ്ങൾക്കൊന്നും ഒരു കോട്ടവും തട്ടാതെ അവർക്ക് നേട്ടമുണ്ടാക്കുന്നതിനുവേണ്ടി തെറ്റായിട്ടുള്ളതും, അനുവദനീയമല്ലാത്തതുമായ മാർഗ്ഗം ഉപയോഗിക്കുകയാണെങ്കിൽ, നിങ്ങൾ അല്ലാഹുവിന്റെ കയറിനെ മുറുകെപിടിച്ചിരിക്കുന്നുവെന്നുള്ള നിങ്ങളുടെ വാദം കളവാണ്. അഹ്മദിയ്യാ ഖിലാഫത്തിനെ ആദരിക്കുന്നുവെന്നും, അതിനെ ഉറപ്പിച്ചുനിറുത്തുന്നതിനുവേണ്ടി ശ്രമിക്കുന്നുവെന്നുമുള്ള വാദവും പൊള്ളയാണ്. അപ്പോൾ കാലത്തിന്റെ ഖലീഫയും ചിന്തിക്കേണ്ട കാര്യമാണത്. ഖിലാഫത്ത് വ്യവസ്ഥിതിയും ചിന്തിക്കേണ്ട കാര്യമാണത്. കാരണം, അല്ലാഹുവും അവന്റെ റസൂലും കല്പിച്ച വഴിയിലൂടെ നടക്കാതെ, അഗ്നികുണ്ഡത്തിലേക്ക് അവർ പോകുമോ എന്ന ശങ്കയുണ്ട്. അതുകൊണ്ട് ഇന്ന് ഓരോ അഹ്മദിയും അല്ലാഹുവിന്റെ കയറിനെ ശരിയ്ക്കും മനസ്സിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സ്വഹാബത്തിനെപ്പോലെ ത്യാഗങ്ങളുടെ നിലനാട്ടുന്നതും പരസ്പരം കടമകൾ നിറവേറ്റുന്നതും വിശുദ്ധ ഖുർആന്റെ കല്പനകൾ ജീവിതത്തിൽ പകർത്തുന്നതുമെല്ലാം അല്ലാഹുവിന്റെ കയറിനെ മുറുകെ പിടിക്കലാണ്. ജമാഅത്തിലെ ഓരോ അംഗവും ഈ ആഴത്തിൽച്ചെന്ന് ***ഹബ്ലുല്ലാഹ്*** അഥവാ 'അല്ലാഹുവിന്റെ കയർ' എന്ന വിഷയം മനസ്സിലാക്കാനും യഥാർത്ഥത്തിൽ അല്ലാഹു പറഞ്ഞ വഴിയിലൂടെ നടക്കാനും തുടങ്ങിയാൽ അത് സ്വർഗ്ഗസമാനമായ ഒരു സമൂഹത്തിന് അസ്തിവാരമിടുകയായിരിക്കും ചെയ്യുന്നത്. അവിടെ സഹോദരൻ സഹോദരനോടുള്ള കടമ നിറവേറ്റുന്നുണ്ടാകും. ഭാര്യയും ഭർത്താവും പരസ്പരം കടമകൾ നിറവേറ്റുന്നുണ്ടാകും. അമ്മായിഅമ്മയും മരുമകളും പരസ്പരം കടമകൾ നിറവേറ്റുന്നുണ്ടാകും. സുഹൃത്ത് സുഹൃത്തിനുംവേണ്ടി ത്യാഗം വരിക്കുന്നുണ്ടാകും. ജമാഅത്തിലെ ഓരോ വ്യക്തിയും ജമാഅത്തിന്റെ നിസാമിനുവേണ്ടി ഉയർന്ന നിലയിൽ ത്യാഗം ചെയ്യാൻ ശ്രമിക്കുന്നുണ്ടാകും. അങ്ങനെ പരിപൂർണ്ണമായനിലയിൽ അല്ലാഹുവിന്റെ കല്പനകൾ പാലിക്കുന്ന ഒരു സമൂഹം ഉണ്ടാകുന്നതാണ്. അവിടെ പാർക്കുന്നവർ ഈ ഖുർആനികവചനമനുസരിച്ച് പ്രവർത്തിക്കുന്നവരായിരിക്കും.

الَّذِينَ يُنْفِقُونَ فِي السَّرَّاءِ وَالضَّرَّاءِ وَالْكَاظِمِينَ
الْغَيْظَ وَالْعَافِينَ عَنِ النَّاسِ وَاللَّهُ يُحِبُّ الْمُحْسِنِينَ

ഐശ്വര്യഘട്ടത്തിലും വിഷമഘട്ടത്തിലും ദൈവമാർഗ്ഗത്തിൽ ധനം ചെലവഴിക്കുന്നവരും കോപം നിയന്ത്രിക്കുന്നവരും ജനങ്ങൾക്ക് മാപ്പുകൊടുക്കുന്നവരുമത്രെ അവർ; ഔദാര്യം കാണിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു. (*3:135*)

ഔദാര്യം കാണിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു. ഈ ഉന്നതമായ സ്വഭാവം കാണിക്കുന്നവരാരാണ്? അവർ വഴക്കും വക്കാണവും അവസാനിപ്പിക്കുന്നതിനും പരസ്പരം സ്നേഹാന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഒറ്റക്കെട്ടായി വസിക്കുന്നതിനും അല്ലാഹുവിനുവേണ്ടി അല്ലാഹുവിന്റെ കല്പനകളനുസരിച്ച് നടക്കുന്നതിനും ജമാഅത്തിന്റെ അന്തസ്സിനും അഭിമാനത്തിനുംവേണ്ടി ഒരാൾ മറ്റൊരാളുടെ തെറ്റ് പൊറുത്തുകൊടുക്കുന്നതിനും വേണ്ടി ശ്രമിക്കുന്നവരാണ്. അവർ തങ്ങളുടെ അഹങ്കാരത്തെ അമർത്തിവയ്ക്കുന്നു. ചെറിയ ചെറിയ കാര്യങ്ങളിൽ കൈപൊക്കുന്നവരല്ല അവർ.

കലാപകലുഷിതവും ഭൗതികത മുഴച്ചുനില്ക്കുന്നതുമായ ഈ കാലഘട്ടത്തിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തിട്ടുണ്ടെങ്കിൽ പിന്നെ കുടുംബമാഹാത്മ്യത്തിനും, തറവാട് മഹത്വത്തിനും അവിടെ ഒരു പ്രസക്തിയുമില്ല. പിന്നീട് മഹത്വം ഉള്ളത് തഖ്വ

യിലാണ്. അല്ലാഹു പറഞ്ഞു:

***ഇന്ന അക്റമക്കും ഇൻദല്ലാഹി അത്ഖാകും*** തീർച്ചയായും അല്ലാഹുവിന്റെ പക്കൽ നിങ്ങളിൽവെച്ചേറ്റവും ബഹുമാന്യൻ നിങ്ങളിൽവെച്ചേറ്റവും ഭയഭക്തിയുള്ളവനാണ്. (*49:14*)

മുത്തഖി ആരാണ്? അല്ലാഹുവിന്റെ തൃപ്തി ആഗ്രഹിച്ചുകൊണ്ട് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നവനാണ് മുത്തഖി. അല്ലാഹുവിന്റെ കയറിനെ മുറുകെ പിടിച്ചുകൊണ്ടിരിക്കുക എന്ന ചിന്തയായിരിക്കും അവന്. അതുകൊണ്ട്, അല്ലാഹുവിന്റെ സ്നേഹം ലഭിക്കണമെങ്കിൽ, അഹങ്കാരത്തെ ഇല്ലാതാക്കേണ്ടതായിവരും. ആരോടും ദോഷം പ്രവർത്തിക്കാതിരിക്കുക എന്നതു മാത്രമല്ല, തിന്മയുടെ മറുപടി തിന്മകൊണ്ട് കൊടുക്കാതിരിക്കുക എന്നതു മാത്രമല്ല പ്രത്യുത, ഔദാര്യത്തോടെ പെരുമാറേണ്ടതുമാണ്. മനോഹരമായ ഒരു സമൂഹം ഉടലെടുത്തത് ഇത്തരം കാര്യങ്ങളിലൂടെയാണ്. ഇതിന്നുവേണ്ടിയാണ് ഒരഹ്മദി ജിഹാദ് ചെയ്യേണ്ടത്. തഖ്വ ഹൃദയത്തിലുണ്ടെങ്കിൽ അല്ലാഹുവിന്റെ ദീനിനെ ശക്തിപ്പെടുത്തുന്നതിനും സ്വന്തം ഈമാൻ ശക്തിപ്പെടുത്തുന്നതിനും, പരസ്പരം കടമകൾ നിറവേറ്റുന്നതിനുമുള്ള ശ്രദ്ധയുണ്ടാകും. അഹങ്കാരവും ദേഷ്യവും അടിച്ചമർത്താനുള്ള തൗഫീഖ് കിട്ടിക്കൊണ്ടിരിക്കും. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ദരിദ്രഭാവത്തോടും നിർധനത്വത്തോടും കൂടി ജീവിക്കുക എന്നത് തഖ്വയുള്ളവർക്ക് നിബന്ധനയാണ്. ഇത് തഖ്വയുടെ ഒരു ശാഖയാണ്. ഇതുമുഖേന നമുക്ക് അനുവദനീയമല്ലാത്ത കോപവുമായി പോരാടണം. വലിയ വലിയ ഈശ്വരജ്ഞാനികളും സത്യസന്ധന്മാരും തരണം ചെയ്യേണ്ട അവസാനത്തേതും വിഷമം പിടിച്ചതുമായ നില കോപത്തിൽനിന്ന് രക്ഷപ്പെടുക എന്നതാണ്. അഹങ്കാരവും പൊങ്ങച്ചവും ഉണ്ടാകുന്നത് കോപത്തിൽനിന്നാണ്. അതുപോലെ ചിലപ്പോൾ അഹങ്കാരത്തിന്റേയും പൊങ്ങച്ചത്തിന്റേയും ഫലമായിട്ടും കോപം ഉണ്ടാകാറുണ്ട്. കാരണം മനുഷ്യൻ സ്വയം മറ്റുള്ളവനെക്കാൾ, തന്നെ വലിയവനായി കരുതുമ്പോഴാണ് കോപം ഉണ്ടാകുന്നത്."

ഏതുപോലെ ഒരു നന്മയിൽനിന്ന് മറ്റൊരു നന്മ ഉടലെടുക്കുന്നുവോ, അതുപോലെ ഒരു തിന്മയിൽനിന്ന് മറ്റൊരു തിന്മ ഉടലെടുത്തുകൊണ്ടുപോകുന്നു. അതുകൊണ്ട് ഓരോ തിന്മയിൽനിന്നും രക്ഷപ്പെടാൻ ഓരോ അഹ്മദിയും ശ്രമിക്കേണ്ടതാണ്. പ്രത്യേകിച്ച് കോപം. അതിൽനിന്നാണ് അഹങ്കാരവും ഗർവ്വും ഉണ്ടാകുന്നത്. അല്ലെങ്കിൽ അഹങ്കാരവും ഗർവ്വുംകൊണ്ട് മനുഷ്യന് കോപം ഉണ്ടാകുന്നു; ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ. കോപത്തിൽനിന്ന് രക്ഷപ്പെടുക എന്നത് ഏറെ ദുഷ്ക്കരമായ കാര്യമാണ്. പക്ഷേ, നിങ്ങൾ ഒറ്റക്കെട്ടായിരിക്കുന്നതിനും നന്മയിൽ മുന്നോട്ടുകുതിക്കുന്നതിന്നും ഇത് അങ്ങേയറ്റം അടിസ്ഥാനപരമായ കാര്യമാണ്.

മറ്റൊരു സ്ഥലത്ത് ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ഓർമ്മിക്കുക, പരുഷമായി പെരുമാറുകയും കോപിക്കുകയും ചെയ്യുന്നവന്റെ നാവിൽനിന്നും ഈശ്വരജ്ഞാനത്തിന്റേയും യുക്തിജ്ഞാനത്തിന്റേയും കാര്യങ്ങൾ ഒരിക്കലും പുറത്തുവരികയില്ല. യുക്തിപൂർവ്വമായ കാര്യങ്ങളിൽനിന്ന് അവന്റെ ഹൃദയം പിന്തള്ളപ്പെടുന്നു. തനിക്കെതിരിൽ വരുന്നവനെ കാണുമ്പോൾ തന്നെ കോപാകുലനായി നിയന്ത്രണംവിട്ടുപോകുന്നു. അസഭ്യവാക്കുകൾ പറയുന്നവനും കടിഞ്ഞാണില്ലാതെ സംസാരിക്കുന്നവനും മധുരമുള്ള അരുവിയിൽനിന്ന് തടയപ്പെടുന്നു. കോപവും യുക്തിജ്ഞാനവും ഒരിടത്ത് ഒന്നിക്കുകയില്ല. കോപത്തിന്നാരാണോ അടിപ്പെടുന്നത്, അവന്റെ അറിവ് തടിച്ചതും ബുദ്ധി മന്ദീഭവിച്ചതുമായിരിക്കും. അവനൊരിക്കലും ഒരു രംഗത്തും സഹായമോ വിജയമോ നല്കപ്പെടുകയില്ല."

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ വാക്കുകൾ കൂടുതൽ കടിച്ചുകുടയുന്നതാണ്. ഒരു ഭാഗത്ത് നാം അല്ലാഹുവിന്റെ കയറിൽ പിടിച്ചുകൊണ്ട് അല്ലാഹുവിന്നോളം എത്തുമെന്ന് വാദിക്കുന്നു. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുമെന്ന് വാദിക്കുന്നു. എന്നാൽ മറുഭാഗത്ത്, ദുസ്സ്വഭാവം കാണിക്കുകയും ചെയ്യുന്നു. ഒരു ഭാഗത്ത് നാം പറയുന്നു, ലോകരെ ഇസ്‌ലാമിന്റെ കൊടിക്കീഴിൽ കൊണ്ടുവരുമെന്ന്. മറുഭാഗത്ത് നമ്മുടെ ചെയ്തി കാരണത്താൽ അല്ലാഹു ദൈവികജ്ഞാനത്തിൽനിന്ന് നമ്മെ പുറത്താക്കുന്നു. അതുകൊണ്ട്, നമ്മുടെ ഉള്ളിൽ ഈശ്വരജ്ഞാനവും യുക്തിജ്ഞാനവും ഇല്ലെങ്കിൽ, നാം മറ്റുള്ളവരെ എന്തു പഠിപ്പിക്കാനാണ്. അതുകൊണ്ട് നാം നമ്മിലേക്ക് എത്തിനോക്കേണ്ടതായി വരും. നമ്മെ വിലയിരുത്തേണ്ടതായി വരും. തടിച്ച അറിവുണ്ടാവുകയും എന്നാൽ ബുദ്ധിയും യുക്തിയും ഇല്ലാതിരിക്കുകയും ചെയ്യുന്നവൻ, അല്ലാഹുവിന്റെ കയറിനെ പിടിക്കുന്നത് സംബന്ധിച്ച് എന്തറിയാനാണ്.

ഈ രാജ്യത്ത് വന്നതിനുശേഷം നിങ്ങളിൽ ഒരുപാടാളുകളുടെ സാമ്പത്തികനില മെച്ചപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിങ്ങളിൽ കൂടുതൽ മൃദുത്വം ഉണ്ടാകേണ്ടതാണ്. അല്ലാഹുവിന്റെ മുമ്പിൽ തല കൂടുതൽ കുനിയേണ്ടതാണ്; അവനാണ് ഔദാര്യം ചെയ്തത്. ഈ ഔദാര്യം നിങ്ങളോട് ആവശ്യപ്പെടുന്നത് അല്ലാഹുവിന്റെ കയറിനെ കൂടുതൽ മുറുകെ പിടിച്ചുകൊണ്ട് അവന്റെ കല്പനകൾ അനുസരിച്ച് പ്രവർത്തിക്കുക എന്നാണ്. നിങ്ങളുടെ സഹോദരനോടുള്ള കടമ നിറവേറ്റുക എന്നാണ്. അങ്ങനെ അല്ലാഹുവിന്റെ സ്നേഹവും കരസ്ഥമാക്കുക എന്നാണ്. ഇങ്ങനെ നാം അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുമ്പോൾ പരസ്പരമുള്ള സ്നേഹവും സന്തോഷവും, കൂടുതൽ ശക്തമാകുന്നതായിരിക്കും. ഇപ്രകാരം നാം ശക്തരായിത്തീരുമ്പോൾ, അല്ലാഹുവിന്റെ കയർ പിടിച്ചുകൊണ്ട് അവന്റെ കല്പ

നകളനുസരിച്ച് പ്രവർത്തിക്കുമ്പോൾ നമുക്ക് ഒരു റുഅ്ബ് ഉണ്ടാകും. അത് എതിരാളിയുടെ എല്ലാ ആക്രമണങ്ങളിൽനിന്നും നമ്മെ സുരക്ഷിതരാക്കിവയ്ക്കും. ഇല്ലെങ്കിൽ അല്ലാഹു പറയുന്നു: ജമാഅത്തുപരമായ നിങ്ങളുടെ അഭിമാനവും പൊയ്പോകും, നിങ്ങളുടെ ഉള്ളിൽ ഭീരുത്വം ഉണ്ടാവുകയും ചെയ്യും. അല്ലാഹു പറയുന്നു:

وَأَطِيعُوا اللَّهَ وَرَسُولَهُ وَلَا تَنَازَعُوا فَتَفْشَلُوا وَتَذْهَبَ
رِيحُكُمْ وَاصْبِرُوا إِنَّ اللَّهَ مَعَ الصَّابِرِينَ

അല്ലാഹുവിനേയും അവന്റെ ദൂതനേയും അനുസരിക്കുക. നിങ്ങൾ പരസ്പരം ഭിന്നിക്കാതിരിക്കുക. അല്ലാത്തപക്ഷം നിങ്ങൾ ഭീരുക്കളായിത്തീരുകയും നിങ്ങളുടെ വീര്യം നഷ്ടപ്പെട്ടുപോകുകയും ചെയ്യുന്നതാണ്. നിങ്ങൾ സ്ഥിരചിത്തരാകുകയും ചെയ്യുക. അല്ലാഹു സ്ഥൈര്യം അവലംബിക്കുന്നവരോടൊപ്പമാണ്. (*8:47*)

അതുകൊണ്ട് ഓരോ അഹ്മദിയും അല്ലാഹുവിന്റെ ഈ കല്പന മുന്നിൽ കാണേണ്ടതാണ്. ഇനി അത്തരം അവസ്ഥ ഉണ്ടായാൽതന്നെ ക്ഷമയോടുകൂടി അത് സഹിക്കേണ്ടതാണ്. പരസ്പരമുള്ള ചെറിയചെറിയ വഴക്കുകളിൽപെട്ട്, സ്വന്തം അഹങ്കാരം കാണിച്ച് നിങ്ങളുടെ ശക്തിയെ കുറയ്ക്കരുത്. ഒരു സഹോദരൻ മറ്റു സഹോദരന്റെ അഭിമാനത്തിന് ക്ഷതമുണ്ടാക്കുന്നതൊന്നും ചെയ്യരുത്. ഒരു സഹോദരി മറ്റൊരു സഹോദരിയുടെ അഭിമാനത്തിന് ക്ഷതമുണ്ടാക്കുന്നതൊന്നും ചെയ്യരുത്. സ്വന്തം മക്കളുടെ ഹൃദയങ്ങളിൽ പരസ്പരം ബഹുമാനം ഉണ്ടാക്കിത്തീർക്കുക. ഔദ്യോഗിക ഭാരവാഹികൾ ജമാഅത്ത് അംഗങ്ങളെ ആദരിക്കുക. ജമാഅത്ത് അംഗങ്ങൾ ഔദ്യോഗിക ഭാരവാഹികളെ ആദരിക്കുക. ഔദ്യോഗിക ഭാരവാഹികൾ പരസ്പരം ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക. പോഷക സംഘടനകൾ പരസ്പരം ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക. പോഷകസംഘടനകളുടെ എല്ലാ ഔദ്യോഗിക ഭാരവാഹികളും ജമാഅത്തിന്റെ ഭാരവാഹികളെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുക. ഔദ്യോഗിക ഭാരവാഹികളിൽ ഇക്കാര്യം ഉന്നതനിലയിൽ നിലവിൽ വന്നാൽ (ഔദ്യോഗിക ഭാരവാഹികളോടു ഞാൻ പറയുകയാണ്) ജമാഅത്തിനുള്ളിൽ ഒരു ആത്മീയമാറ്റം സ്വയം ഉണ്ടായിക്കൊണ്ടേപോകുന്നതാണ്. ഔദ്യോഗിക ഭാരവാഹികൾ തഖ്‌വയുടെ വഴികളിലൂടെ നടന്ന് പരസ്പരം ആദരിക്കുന്നതുപോലെ ജമാഅത്തംഗങ്ങളും പര്സപരം ആദരിക്കാനും ബഹുമാനിക്കാനും തുടങ്ങും. അത് ത്യാഗങ്ങൾ വരിക്കാനുള്ള താൽപര്യം അവരിലുണ്ടാക്കും. അതുകൊണ്ട് ഇക്കാര്യത്തെ നിസ്സാരമായിക്കാണരുത്. ഇക്കാര്യങ്ങളാണ് നിങ്ങളെ ഉൽകൃഷ്ടമായ സ്വഭാവത്തിലേക്ക് കൊണ്ടുപോകുന്നത്. ഇക്കാര്യങ്ങൾ സ്വായത്തമാക്കുകയും ജീവിതത്തിന്റെ ഭാഗമാക്കുകയും സ്വയം നടപ്പിലാക്കുകയും ചെയ്യുമ്പോൾ നാം ജമാഅത്തിന്റെ അഭിവൃദ്ധിയിൽ സുപ്രധാനമായ കാര്യം നിർവഹിക്കുകയായിരിക്കും ചെയ്യുന്നത്. ഇതിനായി നബി(സ) തിരുമേനി വിവിധ രീതിയിൽ നമുക്ക് കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിത്തന്നിട്ടുണ്ട്.

ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: "വല്ലവനും ഒരു സത്യവിശ്വാസിയുടെ ഐഹികസങ്കടം തീർത്തുകൊടുത്താൽ അവന്റെ പാരത്രിക സങ്കടങ്ങളിലൊന്ന് അല്ലാഹുവും  തീർത്തുകൊടുക്കുന്നതാണ്. അപ്രകാരംതന്നെ ഒരു നിർധനനെ വല്ലവനും ആശ്വസിപ്പിച്ചാൽ ഇഹത്തിലും പരത്തിലും അല്ലാഹു അവന് ആശ്വാസം നല്കുന്നതാണ്. ആരെങ്കിലും ഒരു മുസ്ലിമിന്റെ ന്യൂനതകൾ മറച്ചുവെച്ചാൽ ഇഹത്തിലും പരത്തിലും അല്ലാഹു അവന്റെയും ന്യൂനതകൾ മറച്ചുവെക്കുന്നതാണ്. ഒരാൾ തന്റെ സഹോദരനെ സഹായിച്ചുകൊണ്ടിരിക്കുമ്പോഴെല്ലാം അവനേയും അല്ലാഹു സഹായിച്ചുകൊണ്ടിരിക്കും."

ഈ ആശ്വസിപ്പിക്കുന്നതും സ്നേഹം ഉണ്ടാക്കുന്നതിനുള്ള ഒരു മാർഗ്ഗമാണ്. പ്രത്യേകിച്ച് ഒരാൾ മറ്റൊരാളുടെ ന്യൂനതകൾ മറച്ചുവയ്ക്കുന്നതിലേക്ക് ശ്രദ്ധിക്കുക. പക്ഷേ, ഒരുകാര്യം വ്യക്തമാക്കട്ടെ, ഇതിന്റെ ഉദ്ദേശ്യം മാലിന്യം സമൂഹത്തിൽ വളരാൻ അനുവദിക്കുക എന്നതല്ല. സമൂഹത്തിൽ ദുസ്സ്വാധീനം ചെലുത്തുന്ന കാര്യങ്ങൾ മറച്ചുവയ്ക്കുക എന്നതല്ല. അതിനെക്കുറിച്ചുള്ള വിവരം ഔദ്യോഗിക ഭാരവാഹികൾക്ക് നല്കേണ്ടത് ആവശ്യമാണ്. എന്നോടു പറയുക. പക്ഷേ, പരസ്പരം അത് ചർച്ചാവിഷയമാക്കാനോ, ആരെയെങ്കിലും കുറിച്ച് എന്തെങ്കിലും കേട്ടാൽ അത് പറഞ്ഞുപരത്തുവാനോ പാടില്ല. അത് തെറ്റായ രീതിയാണ്. ഇത് മറച്ചുവയ്ക്കേണ്ടതാണ്.  എന്നാൽ തെറ്റിൽനിന്ന് തിരുത്തി നേരെയാക്കുന്നതിനായി അത് പറയേണ്ടിടത്ത് പറയേണ്ടത് നിർബന്ധമാണ്. എന്നാൽ എല്ലായിടത്തും പറഞ്ഞുനടക്കുന്നതിൽനിന്ന് പിന്മാറണം. ഈ തിന്മകൾ ആരിലെങ്കിലും കണ്ടാൽ, ഒരഹ്മദിക്കു വിഷമം ഉണ്ടാകണം. അത് പരിഹരിക്കുന്നതിനുവേണ്ടി ശ്രമിക്കണം. വിഷമം ഉണ്ടാകുമ്പോൾ, ആ തെറ്റുകൾ ലോകരുടെ മുമ്പിൽ വിളിച്ചുകൂവി നടക്കരുത്. വിഷമം ഉണ്ടാകുന്നത് തെറ്റുതിരുത്തിക്കൊടുക്കുന്നതിന്നായിരിക്കണം. സ്വയം തെറ്റുതിരുത്താനുള്ള സാധ്യത നിലനില്ക്കുന്നിടത്തുനിന്നാണ് സംസാരമുണ്ടാകേണ്ടത്. കഴിയുന്നില്ലെങ്കിൽ എന്നോടു പറയുക. ഔദ്യോഗിക ഭാരവാഹികളോടു പറയുക. ഔദ്യോഗിക ഭാരവാഹികളും ദയയോടും സ്നേഹത്തോടും കൂടി ആ വ്യക്തിയെ നന്നാക്കിയെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഹസ്റത്ത് ആമിർ(റ) പറയുന്നു: നുഅ്മാൻ ബിൻ ബശീർ(റ) ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു. നബി (സ) തിരുമേനി പറഞ്ഞു: പരസ്പരമുള്ള ജീവിതത്തിലും സ്നേഹത്തിലും ദയയിലും സത്യവിശ്വാസികളെ നീ ഒരു ശരീരംപോലെ കാണുന്നതാണ്. ശരീരത്തിന്റെ ഏതെങ്കിലും ഒരുഭാഗത്തിന് രോഗം ബാധിച്ചാൽ അവന്റെ മുഴുവൻ ശരീരവും അസ്വസ്ഥതയിലും രോഗത്തിലും പെട്ടുപോകുന്നു.

അതുകൊണ്ട് സമൂഹത്തെ ബുദ്ധിമുട്ടുകളിൽനിന്ന് രക്ഷപ്പെടുത്തുന്നതിനും സ്വയം ഈ രോഗത്തിൽനിന്ന് രക്ഷപ്പെടുന്നതിനുംവേണ്ടി പരിശുദ്ധഹൃദയരായിക്കൊണ്ട് നന്നാക്കിയെടുക്കാൻ ശ്രമിക്കേണ്ടതാണ്. ദുആ ചെയ്യേണ്ടതാണ്. ഈ രീതി അനുസരിച്ചാൽ തീർച്ചയായും അത് സമൂഹത്തെ അല്ലാഹുവിന്റെ കല്പനകളനുസരിച്ച് വാർത്തെടുക്കുന്നതായിത്തീരും. പരസ്പരമുള്ള ഭിന്നിപ്പ് അകറ്റുന്നതിനായി, പരസ്പരം സ്നേഹം ഉണ്ടാകുന്നതിനായി നബി(സ) മനോഹരമായ ഒരുപദേശം നമുക്ക് നല്കിയിട്ടുണ്ട്.

ഹസ്റത്ത് അബൂ അയ്യൂബ് അൻസാരീ(റ) പറയുന്നു: നബി(സ) തിരുമേനി പറഞ്ഞു: "പരസ്പരം കണ്ടുമുട്ടിയാൽ തിരിഞ്ഞ്കളയുമാറ് ഒരു മുസ്ലിമും തന്റെ മുസ്ലിം സഹോദരനോട് മൂന്നുദിവസത്തിൽ കൂടുതൽ പിണങ്ങി നില്ക്കൽ അനുവദനീയമല്ല. ഇവരിൽ ആദ്യം സലാം ചൊല്ലാൻ തുടങ്ങുന്നവനാണ് കൂടുതൽ ഉത്തമൻ.

പരസ്പരമുള്ള പിണക്കം നീട്ടിക്കൊണ്ടുപോകാൻ പാടില്ല. അതുമുഖേന ഭിന്നിപ്പുണ്ടാകുന്നു. അത് വർദ്ധിച്ച് വർദ്ധിച്ച് ജമാഅത്തിന്റെ അന്തസ്സിന് ക്ഷതമേല്പിക്കുന്നു. അന്യർ അതിനെ മുതലെടുക്കുന്നു. ഒരുപാട് കത്തുകൾ വരാറുണ്ട്. 'അങ്ങ് പറഞ്ഞതനുസരിച്ച് ഞങ്ങൾ ഇന്നയാളുടെ അടുത്തുപോയി, മാപ്പു ചോദിച്ചു. പക്ഷേ, അയാൾ ദേഷ്യത്തോടെ ആട്ടിപ്പായിച്ചു' എന്നൊക്കെ എന്നെ എഴുതി അറിയിക്കാറുണ്ട്. അയാൾ സലാം മടക്കാനോ, സംസാരിക്കാനോ തയ്യാറല്ല. ഇവിടെ ജർമ്മനിയിൽ ഇത്തരം നിരവധി സംഭവങ്ങളുണ്ട്.

ഞാൻ പറയുകയുണ്ടായി. ഇത് തെറ്റായ പ്രവണതയാണ്. രഞ്ജിപ്പിന് അടിത്തറയിടുകയാണ് വേണ്ടത്. സലാം പറയുക എന്നതാണ് ഒന്നാമതായി ചെയ്യേണ്ടത്. അതിനായി രണ്ടുപേരും ഓടുന്ന കാഴ്ചയാണ് കാണേണ്ടത്. പരസ്പരം മാപ്പുകൊടുക്കുന്ന ശീലമുണ്ടാക്കുക. ആദ്യമേതന്നെ രഞ്ജിപ്പിനുള്ള അടിത്തറയിട്ടുകൊണ്ട് ഉത്തമനായ മുസ്ലിമാകുക. ഇസ്ലാമിനും അഹ്മദിയ്യത്തിനും ശക്തി പകരുന്നതിന് കാരണക്കാരാകുക.

ഹസ്റത്ത് അബൂ മൂസാ അശ്അരി(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: ഒരു മുസൽമാൻ മറ്റൊരു മുസൽമാന് കെട്ടിടം പോലെയാണ്. അതിന്റെ ഒരുഭാഗം മറ്റേഭാഗത്തിന് ശക്തി കൊടുക്കുന്നു. പിന്നീട് അവിടന്ന് രണ്ടു കൈകളിലേയും വിരലുകൾ കോർത്തുപിടിച്ചുകൊണ്ട് ഇങ്ങനെയാണ് ഒരുഭാഗം മറ്റേ ഭാഗത്തിന് ശക്തിപകരുന്നതെന്ന് കാണിച്ചു."

ഇതാണ് നബി(സ) തിരുമേനി നമ്മളിൽനിന്ന് പ്രതീക്ഷിക്കുന്നത്. നാം ഇക്കാലത്ത് അഹ്മദിയായിക്കൊണ്ട് നബി(സ)യുടെ നിർദ്ദേശങ്ങളെ നമ്മുടെ ജീവിതചര്യയാക്കുമെന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കൈയിൽ പ്രതിജ്ഞ ചെയ്തിട്ടുള്ളവരാണ്. ശ്രദ്ധയോടെ ഈ നിർദ്ദേശങ്ങളനുസരിച്ച് പ്രവർത്തിക്കാൻ ശ്രമിച്ചാൽ സ്വന്തം ഉള്ളിൽ പരിശുദ്ധമായ മാറ്റം ഉണ്ടാക്കുന്നവരും സമൂഹത്തെ മനോഹരമാക്കിത്തീർക്കുന്നവരുമായിത്തീരുന്നതാണ്.

ഹസ്റത്ത് റസൂൽ കരീം(സ) പറഞ്ഞു: അല്ലാഹുവിന്റെ ദാസന്മാരിൽ ചിലരുണ്ട്. അവർ നബിയോ ശഹീദോ അല്ല. എന്നാൽ, അവർക്ക് ലഭിച്ച ഈ സ്ഥാനത്തിൽ നബിമാരും ശഹീദുമാരും പുനരുത്ഥാന നാളിൽ അസൂയപ്പെടും. അല്ലാഹുവിന്റെ റസൂലേ! അവരാരാണെന്ന് സ്വഹാബിമാർ ചോദിച്ചു. അവിടന്ന് പറഞ്ഞു: അവർ പരസ്പരം ബന്ധുമിത്രാദികളായിരുന്നില്ല, പരസ്പരം പണമിടപാടുകൾ നടത്തിയിരുന്നുമില്ല. മറിച്ച്, അല്ലാഹുവിനുവേണ്ടി മാത്രം അവർ പരസ്പരം സ്നേഹിച്ചിരുന്നു. അല്ലാഹുവാണ! അവരുടെ മുഖം ആ നാളിൽ പ്രകാശം വിതറുന്നതായിരിക്കും. അവരുടെ നാലുപാടും പ്രകാശമായിരിക്കും. അവർക്ക് ഒരു ഭയവും ഉണ്ടാകുകയില്ല. എന്നാൽ മറ്റുള്ളവർ ഭയത്തിലായിരിക്കും. അവർക്ക് ഒരു ദുഃഖവും ഉണ്ടാകുകയില്ല. എന്നാൽ മറ്റുള്ളവർ ദുഃഖത്തിലായിരിക്കും. പിന്നീട് അവിടന്ന് ഈ ഖുർആനിക വചനമോതി.

أَلَا إِنَّ أَوْلِيَاءَ اللَّهِ لَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ

ശ്രദ്ധിച്ചുകേൾക്കുക. തീർച്ചയായും അല്ലാഹുവിന്റെ മിത്രങ്ങൾ, അവർക്ക് ഒരു ഭയവും ഉണ്ടായിരിക്കില്ല; അവർ വ്യസനിക്കുകയുമില്ല. (10:63)

എത്ര വലിയ ബഹുമതിയാണിത്. അവരുടെ ഹൃദയങ്ങൾ അല്ലാഹുവിനുവേണ്ടി മാത്രമാണ് ജനങ്ങളെ സ്നേഹിക്കുന്നത്. അല്ലാഹുവിനുവേണ്ടി ജനങ്ങളെ സ്നേഹിക്കുന്ന ഇക്കൂട്ടർ തീർച്ചയായും തഖ്വയിലൂടെ നടക്കുന്ന വ്യക്തികൾ തന്നെയാണ്. തങ്ങളുടെമീതെയും തങ്ങളുടെ ചുറ്റുപാടും അല്ലാഹുവിന്റെ ഭരണം സ്ഥാപിക്കുന്നവരാണ്. ജനങ്ങളോടുള്ള കടമ നിറവേറ്റുന്നവരാണ്. അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നവരാണ്. ഇങ്ങനെ അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിച്ചുകൊണ്ട്, ഭിന്നിപ്പിൽനിന്ന് രക്ഷപ്പെടുമെന്ന് മാത്രമല്ല, സ്നേഹം നാലുപാടും വിതറുകയും ചെയ്യുന്നു. അത്തരക്കാരെക്കുറിച്ച് നമുക്ക് പറയാൻ കഴിയും. ഇവർ അല്ലാഹുവിനേയും അവന്റെ കയറിനേയും മുറുകെ പിടിച്ചിട്ടുള്ളവരാണെന്ന്. അല്ലാഹുവിന്റെ ദാസൻ അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നതിനായി ഇത്രമാത്രം

പരിശ്രമിക്കുമ്പോൾ സ്നഹിക്കുന്ന എല്ലാവരെക്കാളും അധികം സ്നേഹിക്കുന്നവനായ അല്ലാഹുവിനെക്കുറിച്ച്, എല്ലാ സുഹൃത്തിനെക്കാളും അധികം സുഹൃത്തിനോടുള്ള കടമ നിറവേറ്റുന്നവനായ അല്ലാഹുവിനെക്കുറിച്ച്, അവൻ തന്റെ ദാസരെ കൂട്ടുകാരാക്കുകയില്ലെന്ന് എങ്ങനെയാണ് പറയാൻ കഴിയുക. അതുകൊണ്ടാണ് നബി(സ) തന്റെ നിർദ്ദേശങ്ങളോടൊപ്പം ഈ ഖുർആനിക വചനമോതിയത്.

أَلَا إِنَّ أَوْلِيَاءَ اللَّهِ لَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ

ഒരിക്കൽ ഒരാൾ അല്ലാഹുവിന്റെ വലിയ്യ് അഥവാ സുഹൃത്തായി കഴിഞ്ഞാൽ, പിന്നീട് എപ്പോഴും അവനിൽനിന്നുണ്ടാകുന്ന കർമ്മങ്ങൾ ദൈവഹിതത്തിന്നനുസരിച്ചായിരിക്കും. മുമ്പേ ചെയ്ത അവരുടെ പാപങ്ങൾ അല്ലാഹു പൊറുത്തുകൊടുക്കുന്നു. തുടർന്ന് അവരെക്കൊണ്ട് സൽക്കർമ്മങ്ങൾ ചെയ്യിക്കുന്നു.

അല്ലാഹുവിന്നുവേണ്ടി തന്റെ മുസ്‌ലിം സഹോദരനെ സ്നേഹിക്കുന്നതിന്റെ ഫലമായി എത്ര വലിയ പ്രതിഫലമാണ് അല്ലാഹു നല്കുന്നത്. അവരുടെ എല്ലാ ദുഃഖങ്ങളും അകറ്റിക്കൊടുക്കുന്നു. കാരണം, ഇവർ അല്ലാഹുവിന്റെ കല്പനകളുടെ നുകം ചുമക്കുന്നവരാണ്. അതിന്റെ ഫലമായി അവരെപ്പോഴും സൽക്കർമ്മകാരികളായിത്തീരുന്നു. അവരുടെ ആവശ്യങ്ങളും അല്ലാഹു പൂർത്തിയാക്കിക്കൊടുക്കുന്നു. അവരുടെ ഭയത്തേയും അല്ലാഹു അകറ്റിക്കൊടുക്കുന്നു.

ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇതിന് വിശദീകരണം നല്കിയിട്ടുണ്ട്: "അല്ലാഹുവിനെ സത്യസന്ധതയോടെ സ്നേഹിക്കുകയും അല്ലാഹു സ്നേഹിക്കുകയും ചെയ്യുന്നവരുടെ അടയാളമാണ്, അവർക്ക് ഭയമുണ്ടാക്കുകയില്ല എന്നത്. എന്തു തിന്നും എന്തു കുടിക്കും അല്ലെങ്കിൽ ഈ നാശത്തിൽനിന്ന് എങ്ങനെ രക്ഷപ്പെടും എന്ന ചിന്തയൊന്നും അവർക്കുണ്ടാകുകയില്ല. കാരണം അല്ലാഹു അവരെ സമാധാനിപ്പിക്കുന്നു. കഴിഞ്ഞുകടന്നതിനെ സംബന്ധിച്ച് അവർക്ക് ദുഃഖമോ വിഷമമോ ഉണ്ടാകുകയില്ല. കാരണം അവർക്ക് ക്ഷമ നല്കപ്പെടുന്നു. അവർ വിശ്വാസത്തിൽ തികവുറ്റവരായിരിക്കും എന്നതാണ് മറ്റൊരടയാളം. തഖ്‌വ കൈക്കൊള്ളുന്നു, അതായത് ഈമാന് വിരുദ്ധം പ്രവർത്തിക്കുന്നതിൽനിന്നും അനുസരണക്കേട് കാണിക്കുന്നതിൽനിന്നും അവർ വളരെ അകന്നിരിക്കുന്നു."

ഒരു നന്മയിൽനിന്ന് ഒരുപാട് നന്മകൾ ഉണ്ടാകുന്നുവെന്ന് ഞാൻ പറഞ്ഞുവല്ലോ. ഭിന്നിപ്പ് അകറ്റിക്കൊണ്ട് അല്ലാഹുവിനുവേണ്ടി പരസ്പരം സ്നേഹിക്കുന്ന കാരണത്താൽ അത്തരക്കാർക്ക് നിത്യവൃത്തിയിലും അല്ലാഹു ഐശ്വര്യം നല്കുന്നു. അവരുടെ ഇഹലോക ദുഃഖങ്ങളെല്ലാം മാഞ്ഞുപോകുന്നു. അവരുടെ ഈമാനിൽ വർദ്ധനവുണ്ടാകുന്നു. അവരുടെ തഖ്‌വയുടെ നിലയും മെച്ചപ്പെടുന്നു. ചുരുക്കത്തിൽ, അവരിൽനിന്നുണ്ടാകാത്ത ഒരു നന്മയും ഉണ്ടാകുകയില്ല. ഈ സ്നേഹം വിതറുന്നത് നിസ്സാരമായിക്കാണരുത്. തഖ്‌വയിലൂടെ നടക്കുന്നതിനുള്ള ഒരു ഉത്തമമായ മാർഗ്ഗമാണിത്. ഹസ്റത്ത് മസീഹ് മൗഊദ്(അ) ജമാഅത്തിലെ ഓരോ വ്യക്തിയും മലക്കുകളെപ്പോലെയാകുന്നത് കാണാൻ ആഗ്രഹിച്ചിരുന്നു.

അവിടന്ന് പറയുന്നു: "ഈ ജമാഅത്ത് സ്ഥാപിച്ചിട്ടുള്ളതിന്റെ ഉദ്ദേശ്യം, ജനങ്ങൾ ലോകത്തിന്റെ അഴുക്കിൽനിന്ന് മുക്തരാവുകയും യഥാർത്ഥ പരിശുദ്ധി കരസ്ഥമാക്കുകയും ചെയ്യുക എന്നതാണ്. മലക്കുകളെപ്പോലുള്ള ജീവിതം നയിക്കുക."

യഥാർത്ഥ പരിശുദ്ധിയും പരിപൂർണ്ണ വിശ്വാസവും എങ്ങനെയാണ് ലഭിക്കുക? ഇതിനെ സംബന്ധിച്ച് അവിടന്ന് പറയുന്നു: ഞാൻ സത്യമായും സത്യമായും പറയുന്നു: തന്റെ സുഖത്തിനെക്കാളേറെ തന്റെ സഹോദരന്റെ സുഖത്തിന് മുൻതൂക്കം കൊടുക്കാത്തിടത്തോളം കാലം മനുഷ്യന്റെ വിശ്വാസം ശരിയാകുകയില്ല. എന്റെ സഹോദരൻ രോഗം ഉണ്ടായിട്ടും തറയിൽ കിടക്കുകയും ഞാൻ അക്ഷീണനും ആരോഗ്യവാനുമായിട്ടും കട്ടിൽ പിടിച്ചെടുത്ത് അതിൽ കിടക്കുകയും ചെയ്താൽ, എന്റെ അവസ്ഥ വ്യസനകരമാണ്. അതാണ് പിടിവാശി. ഈ പിടിവാശി ഉപേക്ഷിക്കേണ്ടതായി വരും. പിടിവാശി ഉപേക്ഷിക്കുമ്പോൾ നിങ്ങൾ സ്നേഹം വിതറുന്നവരായിത്തീരും.

ഞാനെഴുന്നേൽക്കാതിരിക്കുകയും രോഗിയായ എന്റെ സഹോദരന് കട്ടിൽ ഒഴിഞ്ഞുകൊടുക്കാതിരിക്കുകയും തറയിൽ കിടക്കാൻ ഇഷ്ടപെടാതിരിക്കുകയും ചെയ്താൽ എന്റെ കാര്യം വ്യസനകരം തന്നെ. എന്റെ സഹോദരൻ രോഗിയാവുകയും എന്തെങ്കിലും കാരണത്താൽ വിഷമിക്കുകയും ചെയ്യുമ്പോൾ അതകറ്റാൻ എന്നെക്കൊണ്ട് കഴിയുന്നത്ര ഞാൻ ശ്രമിക്കാതെ ഞാൻ സമാധാനത്തോടെ ഉറങ്ങുകയാണെങ്കിൽ എന്റെ കാര്യം വ്യസനകരംതന്നെ.

എന്റെ ദീനീസഹോദരൻ തന്റെ ദേഷ്യംകൊണ്ട് എന്നോടു കയർത്തു സംസാരിച്ചാൽ, ഞാൻ അറിഞ്ഞുകൊണ്ട് ആ സഹോദരനോടു കാഠിന്യത്തോടെ പെരുമാറിയാൽ എന്റെ കാര്യം വ്യസനകരം തന്നെ. ഞാൻ അവൻ പറയുന്നത് കേട്ട് ക്ഷമിക്കേണ്ടതായിരുന്നു. നിസ്കാരത്തിൽ കരഞ്ഞുകരഞ്ഞു അവനുവേണ്ടി പ്രാർത്ഥിക്കണമായിരുന്നു. കാരണം അവൻ എന്റെ സഹോദരനാണ്. ആത്മീയമായ നിലയിൽ രോഗബാധിതനാണ്.

എന്റെ സഹോദരൻ സാധാരണക്കാരനായിരിക്കുകയും അറിവില്ലായ്മകൊണ്ട് എന്തെങ്കിലും തെറ്റ് അവനിൽനിന്നുണ്ടാവുകയും ചെയ്താൽ, ഞാൻ അവനെ പരിഹസിക്കാൻ പാടില്ല. നെറ്റി ചുളിച്ച് ദേഷ്യം പ്രകടിപ്പിക്കാനും പാടില്ല. ദുഷ്ചിന്തയോടെ അവന്റെ കുറവുകളും പറഞ്ഞുനടക്കാൻ പാടില്ല. ഇതെല്ലാം നാശത്തിന്റെ വഴികളാണ്.

പറഞ്ഞു: ഹൃദയം മൃദുവാകാത്തിടത്തോളം കാലം ആരും യഥാർത്ഥ വിശ്വാസിയാകുകയില്ല. എല്ലാവരേക്കാളും സ്വയം മോശക്കാരനാണെന്ന് മനസ്സിലാക്കാത്തിടത്തോളം സത്യവിശ്വാസിയാകുകയില്ല. പൊങ്ങച്ചവും സ്വാർത്ഥതയും ഉപേക്ഷിക്കാത്തിടത്തോളം സത്യവിശ്വാസിയാകുകയില്ല. ജനതയുടെ സേവകനാകുക എന്നത് സേവ്യൻ ആകുന്നതിന്റെ ലക്ഷണമാണ്. (ജനതയുടെ സേവകനാകുമ്പോഴാണ്, നേതൃത്വം ലഭിക്കുന്നത്) പാവപ്പെട്ടവരോടും മൃദുവായും കുനിഞ്ഞും സംസാരിക്കുന്നത്, ദൈവികസവിധത്തിൽ സ്വീകാര്യനായി എന്നതിന്റെ ലക്ഷണമാണ്. തിന്മയ്ക്കുള്ള മറുപടി നന്മകൊണ്ട് കൊടുക്കുക എന്നത് സൗഭാഗ്യത്തിന്റെ ലക്ഷണമാണ്. കോപം കടിച്ചിറക്കുക എന്നതും കയ്പുള്ള സംസാരം കുടിച്ചിറക്കുക എന്നതും അങ്ങേയറ്റത്തെ പൗരുഷമാണ്."

നോക്കുക, ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ പ്രവേശിച്ചവരെന്നാണ് നാം നമ്മെക്കുറിച്ച് മനസ്സിലാക്കുന്നത്. അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരായിത്തീരാൻ നാം അല്ലാഹുവിന്റെ ഈ കയറിനെ മുറുകെപിടിച്ചവരാണെന്ന് വാദിക്കുന്നു. ഇത് പൂർത്തിയാകണമെങ്കിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതീക്ഷിക്കുന്നതനുസരിച്ച് നാം പരിശ്രമിക്കേണ്ടതാണ്. പ്രാർത്ഥനയും പ്രവർത്തനവുംകൊണ്ട് ആ ഉന്നതമായ നില കരസ്ഥമാക്കാൻ നാം ശ്രമിക്കേണ്ടതാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) നമ്മെ കൊണ്ടുചെന്നെത്തിക്കാൻ ആഗ്രഹിക്കുന്ന സ്ഥലംവരെ ഇതിനായുള്ള ശ്രമം തുടരേണ്ടതാണ്.

അല്ലാഹു ജൽസയുടെ ഈ ദിനങ്ങൾ വീണ്ടും നമുക്ക് നല്കിയിരിക്കുകയാണ്. ഇതിന്റെ അനുഗ്രഹങ്ങളെക്കുറിച്ച് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹു സുവാർത്ത അറിയിച്ചിരുന്നു. ആ അനുഗ്രഹങ്ങളെ സ്വരുക്കൂട്ടുന്നതിനായി, പ്രാർത്ഥനയിൽ കൂടുതൽ ശക്തി ചെലുത്തുന്നതിനോടൊപ്പം ഭിന്നിപ്പ് വിപാടനം ചെയ്യുന്നതിനും സ്നേഹവും സന്തോഷവും സ്ഥാപിക്കുന്നതിനുംവേണ്ടി നിങ്ങൾ ജീവിതമാതൃക കാണിക്കുക. പരസ്പരം തെറ്റുകളും വീഴ്ചകളും പൊറുത്തുകൊടുക്കുക. പരസ്പരമുള്ള സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും ഈ പ്രകടനം നിങ്ങളുടെ ചുറ്റുപാടിൽനിന്ന് പുറത്തിറങ്ങി സമൂഹത്തിലും സ്വാധീനം ഉണ്ടാക്കും. ശാന്തിയുടേയും സമാധാനത്തിന്റേയും അന്തരീക്ഷം സൃഷ്ടിക്കുന്നവർ അഹ്മദീ മുസ്‌ലിംകൾ മാത്രമാണെന്ന് ലോകത്തിനു ബോധ്യമാകും. സമാധാനത്തെ ഇഷ്ടപ്പെടുന്നവരും അനുരഞ്ജനം ആഗ്രഹിക്കുന്നവരും ഇവർ തന്നെയെന്ന് മനസ്സിലാക്കുന്നതാണ്. എന്നാൽ, നിങ്ങളുടെ കുടുംബവഴക്ക് കാരണത്താൽ പോലീസ് നിങ്ങളുടെ വീട്ടുപടിക്കൽനിന്ന് വിട്ടുമാറാതെ നിന്നാൽ, നിങ്ങളുടെ പരിസരം നിങ്ങളെ ഭയത്തോടെ നോക്കുന്നതാണ്. അയൽവാസികളും ഭയത്തോടെ നോക്കുന്നതാണ്. ഇതിൽനിന്ന് രക്ഷപ്പെടുന്നതിനായി നിങ്ങൾ പ്രവർത്തിക്കുകയാണെങ്കിൽ, ലോകർ സ്വയംതന്നെ, അഹ്മദീ മുസ്‌ലിംകൾ മറ്റൊരുരീതിയിലുള്ള മുസ്‌ലിംകളാണെന്ന് മനസ്സിലാക്കും. ഇവിടെത്തെ മുസ്‌ലിംകളുടെമേൽ മറ്റുള്ളവരുടെ ദൃഷ്ടി ആഴത്തിലുള്ളതാണ്. അതുകൊണ്ട് നിങ്ങളുടെ ഉത്തരവാദിത്തം മനസ്സിലാക്കി അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാമിന്റെ സ്ഥാനപതികളാണ് നിങ്ങളെന്ന് എല്ലാ മണ്ഡലങ്ങളിലും കാണിച്ചുകൊടുക്കുക.

അല്ലാഹുവിന്റെ കല്പനകളുടെ കയറിനെ മുറുകെ പിടിച്ചിട്ടുള്ള മുസ്‌ലിംകൾ നമ്മളാണെന്ന് ലോകത്ത് സ്ഥാപിച്ചുകാണിക്കുക. അപ്പോഴാണ് നാം സമൂഹത്തിൽ സ്നേഹം വിതറുന്നവരാകുന്നത്. ഈ ഉത്തരവാദിത്തം മനസ്സിലാക്കാൻ അല്ലാഹു എല്ലാവർക്കും തൗഫീഖ് നല്കുമാറാകട്ടെ. പൊട്ടിക്കിടക്കുന്ന ഹൃദയങ്ങളിൽ സ്നേഹം സൃഷ്ടിക്കാൻ ഈ ജൽസ ഉപകരിക്കുമാറാകട്ടെ. പരസ്പരം ത്യാഗം ചെയ്യാനുള്ള ബോധം ഓരോരുത്തരിലും ഉണ്ടാകുമാറാകട്ടെ. ത്യാഗങ്ങളെ ഉന്നതമായ നിലയിലെത്തിക്കണമെന്ന വിചാരം ഉണ്ടാകുമാറാകട്ടെ. നമ്മളെല്ലാവരും അല്ലാഹുവിന്റെ അനുഗ്രഹത്തിനും ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രാർത്ഥനയ്ക്കും അവകാശികളായിത്തീരട്ടെ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on
26.8.2005
at
Mannheim, Germany

**വിവ: മുഹമ്മദ് ഇസ്മായീൽ. എച്ച്.എ, ആലപ്പുഴ**

Mobile: 9895 126027; 0497 2702562

Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala